# APPENDIX II (a)

ബഹു. കമ്മീഷന്റെ 16.07.2007 - ലെ DR I (2) 20691/06/GW നമ്പർ ഫയലിലെ ഉത്തരവ് അനുസരിച്ച് താഴെപ്പറയുന്ന സർക്കാർ വകുപ്പുകൾ, സർക്കാർ ഏജൻസികൾ, സർക്കാർ സൊസൈറ്റികൾ, യൂണിവേഴ്സിറ്റികൾ നൽകുന്ന മൂന്നു മാസത്തിൽ കുറയാത്ത കാലയളവിലുള്ള കോഴ്സുകൾ വിജയിച്ചതിനെ തുടർന്നു നേടിയ കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് മുഖ്യവിഷയമായുള്ള സർട്ടിഫിക്കറ്റുകൾ തത്തുല്യമായി പരിഗണിക്കുന്നതാണ്.

എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് (എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്നവ)

ബി) ദേശീയ / സംസ്ഥാന തൊഴിൽ പരിശീലന വകുപ്പ് / കൗൺസിൽ (നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്)

സി) യൂണിവേഴ്സിറ്റികൾ (ഇഗ്നോ, നാഷണൽ ഓപ്പൺ സ്കൂളിംഗ് ഉൾപ്പെടെ)

ഡി) എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി

ഇ) ഐ. എച്ച്. ആർ. ഡി.

എഫ്) സി. ഡിറ്റ്

ജി) കേരള സ്റ്റേറ്റ് ആഡിയോ - വിഷ്വൽ & റിപ്രോഗ്രാഫിക് സെന്റർ

എച്ച്) കെൽട്രോൺ

ഐ) ഇ. ആർ. & ഡി. സി. (സി.-ഡാക്)

ജെ) തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ (ആർട്സ് & സയൻസ് / എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവയിൽ നടത്തുന്നത്.

i) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ഇൻ കേരളയുടെ ആഭിമുഖ്യത്തിൽ നടത്തുന്നവ (ഉപ കേന്ദ്രങ്ങളുടെ പട്ടിക ഇതോടൊപ്പം വച്ചിട്ടുണ്ട്.)

ii) കമ്മ്യൂണിറ്റി പോളിടെക്നിക് സ്കീം പ്രകാരം നടത്തുന്നവ.

iii) കാനഡ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂഷണൽ കോ-ഓപ്പറേഷൻ പ്രോജക്റ്റ് പ്രകാരം നടത്തുന്നവ.

കെ) ശ്രമിക് വിദ്യാപീഠം (ജനശിക്ഷൻ സൻസ്ഥാൻ)

എൽ) സയൻസ് ടെക്നോളജി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് പ്രോജക്റ്റ് (STED) (കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടത്തുന്നവ)

എം) ഡിപ്പാർട്ട്മെന്റ് ഓഫ് ഇലക്ട്രോണിക്സ് അക്രഡിറ്റേഷൻ ഓഫ് കമ്പ്യൂട്ടർ കോഴ്സസ് (DOEACC) സൊസൈറ്റി.

2) മുകളിൽ 'ഡി' മുതൽ 'ഐ' വരെ വിവരിച്ചിരിക്കുന്ന സ്ഥാപനങ്ങൾ നേരിട്ട് നടത്തുന്ന കോഴ്സുകളെത്തുടർന്ന് നൽകുന്ന സർട്ടിഫിക്കറ്റുകൾ മാത്രം സ്വീകരിക്കുന്നതാണ്. എന്നാൽ 28.01.2013 ലെ ബഹു. കമ്മീഷന്റെ തീരുമാന പ്രകാരം ടി വ്യവസ്ഥയിൽ നിന്നും 'ഐ' ഒഴിവാക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാനങ്ങളുടെ മുദ്ര പതിപ്പിച്ചതോ പ്രസ്തുത സ്ഥാപനങ്ങളിൽ അഫിലിയേറ്റ് ചെയ്ത സ്വകാര്യ സ്ഥാപങ്ങൾ നൽകുന്നതോ ആയ സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല.

3) മുകളിൽ 'ജെ' യിൽ പരാമർശിച്ചിരിക്കുന്ന പദ്ധതികൾ പ്രകാരം ലഭിക്കുന്ന സർട്ടിഫിക്കറ്റുകളിൽ അവ നടത്തിയ കോളേജിന്റെയോ / പോളിടെക്നിക്കിന്റെയോ പേരും സീലും പ്രിൻസിപ്പാളിന്റെ ഒപ്പും ഉണ്ടായിരിക്കേണ്ടതാണ്.

4) മേൽപ്പറഞ്ഞ 'എ' മുതൽ 'എം' വരെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നു ലഭിച്ച കമ്പ്യൂട്ടർ ഹാർഡ്‌വെയർ കോഴ്സിന്റെ സർട്ടിഫിക്കറ്റ് ഏതെങ്കിലും ഉദ്യോഗാർത്ഥി ഹാജരാക്കുന്നുവെങ്കിൽ അവ സ്വീകരിക്കുന്നതല്ല.

**(ഒപ്പ്)**
**അണ്ടർ സെക്രട്ടറി,**
**ഡി. ആർ. I വിഭാഗം**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**